ദുർഗന്ധരഹിതവും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചിട്ടുള്ളതായിരിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. മാലിന്യം പുറമേ നിക്ഷേപിക്കാതെ, പ്ലാന്റിന്റെ വശങ്ങൾ അടച്ച് നിർമ്മാണം നടത്താനാണ് നിഷ്കർഷിച്ചിട്ടുള്ളത്. ആകയാൽ ദുർഗന്ധ പൂരിതമാകാനുള്ള സാദ്ധ്യത കുറവാണ്.

(ജി) പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ആവശ്യകതയും ആയതിന്റെ പ്രത്യേകതകളും പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ശുചിത്വ മിഷൻ നടപടി സ്വീകരിച്ചു വരുന്നു.

മാലിന്യങ്ങളിൽനിന്ന് വൈദ്യുതി

74 (T6525) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഏതെങ്കിലും നഗരങ്ങളിൽ മാലിന്യങ്ങളിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കാൻ പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പദ്ധതിയുണ്ട്.

(ബി) തിരുവനന്തപുരത്ത് ചാലയിലും എറണാകുളത്ത് ബ്രഹ്മപുരത്തും പ്ലാന്റുകൾ സ്ഥാപിക്കാനാണ് ശുചിത്വ മിഷൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരത്ത് ചാലയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് കെ.എസ്.ഐ.ഡി.സി.-യെയും ബ്രഹ്മപുരത്ത് പ്ലാന്റ് സ്ഥാപിക്കുന്നതിലേക്ക് കൊച്ചി കോർപ്പറേഷനെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതി സഹകാര്യപങ്കാളിത്തത്തോടെ പി.പി.പി. അടിസ്ഥാനത്തിൽ നിർവ്വഹണം നടത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ടി പ്ലാന്റുകൾ പരിസ്ഥിതിക്കിണങ്ങിയതും ദുർഗന്ധരഹിതവും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചിട്ടുള്ളതായിരിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

അമ്പലപ്പുഴ മണ്ഡലത്തിൽ മലിനീകരണനിയന്ത്രണ ബോർഡിന്റെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

75 (6526) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശം നൽകുമോ ;

(ബി) അംഗീകാരം നൽകാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയ്ക്കെതിരെ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ;

(സി) അമ്പലപ്പുഴ മണ്ഡലത്തിൽ മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതിയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശം നൽകുമോ ?

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly